## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 669 — 01/12/2015-ൽ മറുപടിക്ക്

# ആദിവാസികളിൽ വന്ധ്യംകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ വന്ധ്യംകരണം നടത്തുന്നതിന് മുൻപ് മതിയായ ബോധവത്കരണം നൽകാറുണ്ടോ; | (എ) | ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ വന്ധ്യംകരണം നടത്തുന്നില്ല. ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നിർബന്ധിത വന്ധ്യംകരണം നടത്തി വരുന്നില്ല. |
| (ബി) | വന്ധ്യംകരണത്തിന് വിധേയരാകുന്നവർക്ക് ലഭിക്കുന്ന സർക്കാർ സഹായത്തിൽ ആകൃഷ്ടരായി വംശനാശ ഭീഷണി നേരിടുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവർ പോലും ഇതിന് സമ്മതം നൽകുന്ന സാഹചര്യം നിലവിലുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇത്തരം സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നതിന് ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് പ്രത്യേകിച്ച് മതിയായ ബോധവത്കരണം നൽകുന്നതിനും ഇവരുടെ അജ്ഞത മാറ്റുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | (സി) | വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവർക്ക് ആരോഗ്യ വകുപ്പ് മുഖേന നൽകിവരുന്ന ബോധവത്കരണ നടപടികൾ കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആയുർവേദ മെഡിക്കൽ യൂണിറ്റുകൾ, സോഷ്യൽ വർക്കർമാർ എന്നിവർ മുഖേനയും ബോധവത്കരണം നൽകിവരുന്നു. |
| (ഡി) | കുലമറ്റുപോകുമെന്ന ഭീതിയിലുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ വന്ധ്യംകരണം സംബന്ധിച്ച് മതിയായ പഠനങ്ങൾ നടത്തുമോ? | (ഡി) | ആരോഗ്യ വകുപ്പിന്റെയും കിർത്താഡ്സിന്റെയും സഹായത്തോടെ മതിയായ പഠനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ